മുരിങ്ങൂർ ഡിവൈൻ നഗറിലെ റെയിൽവേ മേൽപ്പാലം നിർമ്മാണം

268 (T 4900) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ടതും മുരിങ്ങൂർ ഡിവൈൻ നഗറിലെ റെയിൽവേ മേൽപ്പാലം നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) അപ്രോച്ച് റോഡുകളുടെ നിർമ്മാണം അവസാനഘട്ടത്തിലെത്തിയിട്ടും റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത മേൽപ്പാല നിർമ്മാണം ഉടൻ പൂർത്തിയാക്കുന്നതിന് ആവശ്യമായ അടിയന്തിരനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) മുരിങ്ങൂർ ഡിവൈൻ നഗറിലെ റെയിൽവേ മേൽപ്പാലത്തിന്റെ സംസ്ഥാനം നിർമ്മിക്കുന്ന അപ്രോച്ച് ഭാഗത്തെ റെയിൽവേയും ആയി ബന്ധിപ്പിക്കുന്ന രണ്ട് സ്പാനുകൾ ഒഴികെയുള്ള പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ രണ്ട് സ്പാനുകളുടെ പണികൾ റെയിൽവേയുടെ പണികൾ പൂർത്തിയായ ശേഷം മാത്രമേ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. റെയിൽവേയുടെ പണികൾ നടന്നുവരികയാണ്.

മലയാറ്റൂർ കോടനാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

269 (4901) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 13 കോടി രൂപ അനുവദിച്ച മലയാറ്റൂർ കോടനാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ നിർമ്മാണ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

(സി) നിർമ്മാണ കാലാവധി എത്ര തവണ ദീർഘിപ്പിച്ചു നല്കിയിട്ടുണ്ട് ;

(ഡി) നിർമ്മാണ പ്രവൃത്തികൾ വൈകാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(ഇ) എന്തെല്ലാം പ്രവൃത്തികളാണ് ഇനി പൂർത്തിയാക്കേണ്ടതെന്ന് വ്യക്തമാക്കാമോ ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 31-3-2015-ൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ദീർഘിപ്പിച്ച നിർമ്മാണ കാലാവധി 31-3-2015-ന് അവസാനിക്കും.

(സി) മൂന്നുതവണ നിർമ്മാണ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്.

(ഡി) ഫൗണ്ടേഷൻ പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലതാമസവും 2013-ലെ അതിശക്തമായ മഴയും പാർട്ട് ബിൽ ലഭിക്കുന്നതിനുള്ള താമസവും മൂലമാണ് നിർമ്മാണ പ്രവൃത്തികൾ വൈകിയത്.

(ഇ) പാലത്തിന്റെ ഡെക്ക് സ്ലാബിലെ wearing coat-ഉം അപ്രോച്ച് നിർമ്മാണവും പൂർത്തിയാക്കാനുണ്ട്.

കണ്ടൻകാളി റോഡിന്റെ പുനരുദ്ധാരണം

270 (4902) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കടിവെള്ള പദ്ധതിക്കായി പൈപ്പിട്ടപ്പോൾ ഗതാഗതയോഗ്യമല്ലാതായി തീർന്ന കണ്ടൻകാളി റോഡിന്റെ പുനരുദ്ധാരണത്തിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള കാരണം എന്തെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്കുള്ള സാങ്കേതിക അനുമതി എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) 17-6-2014-ന് 2012 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 595 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ 1-10-2013 മുതൽ ഷെഡ്യൂൾ പരിഷ്കരിച്ച് ഡി.എസ്.ആർ. 2013 പ്രാബല്യത്തിൽ വന്നതിനാൽ ഡി.എസ്.ആർ. 2013 റേറ്റ് പ്രകാരവും മോർത്ത് ഡാറ്റ പ്രകാരവും എസ്റ്റിമേറ്റ് പുതുക്കി ചീഫ് എഞ്ചിനീയേഴ്സ് കമ്മിറ്റിയുടെ അംഗീകാരത്തോടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly